LIBRARY ARCHIVES Kerala Legislative Assembly

മദ്യവില്പനശാലകളിലെ താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

59 [996] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള വില്പനശാലകളിൽ എത്രപേരെ ദിവസക്കൂലി അടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വില്പനശാലയിൽ നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ദിവസക്കൂലി അടിസ്ഥാനത്തിൽ ആകെ 699 പേരെ നിയോഗിച്ചിട്ടുണ്ട്. കോർപ്പറേഷൻ മേനേജ്മെന്റ് കരാറടിസ്ഥാനത്തിൽ ആരേയും ദിവസവേതനക്കാരായി നിയോഗിച്ചിട്ടില്ല.

(ബി) 620 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ നടപടി

60 [997] *ശ്രീ. ലൂഡി ലൂയിസ്:*

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിപത്തിനെതിരെ സമരം നടത്തുന്ന എത്ര സംഘടനകൾ നിലവിലുണ്ട്; ഇത്തരം സംഘടനകൾക്ക് ഗവൺമെന്റ് തലത്തിൽ എന്തെല്ലാം പ്രോൽസാഹനങ്ങൾ നൽകുന്നുണ്ട്;

(ബി) മദ്യത്തിന്റെ ഉപയോഗം കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?